പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2049

07.12.2015 ൽ മറുപടിക്ക്

## പോലീസ് സേനിലെ നിയമന പ്രക്രിയ

| ചോദ്യം<br><br>ശ്രീ. എം.പി. വിൻസെന്റ് | മറുപടി<br><br>ശ്രീ. രമേശ് ചെന്നിത്തല<br><br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) കേരളാ പോലീസ് സേനയിൽ യുവാക്കളായ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വാർഷിക നിയമന പ്രക്രിയയുടെ നിലവിലെ അവസ്ഥ എന്താണ്; ഇതിലേക്ക് നിയമനങ്ങൾ ആരംഭിച്ചോ എന്ന് വ്യക്തമാക്കുമോ; | (എ) വാർഷിക നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു. പി.എസ്.സിയിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്കാണ് പോലീസ് വകുപ്പിൽ നിന്നും നിയമന ഉത്തരവ് നൽകുന്നത്. |
| ബി) വനിതാ എസ്.ഐ മാരുടെ പി.എസ്.സി റാങ്ക് പട്ടികയിൽ നിന്ന് നിയമനം നടത്താനുള്ള ആഭ്യന്തര വകുപ്പിന്റെ തീരുമാനം നടപ്പിലായോ; | (ബി) വനിതാ എസ്.ഐ. തസ്തികയിൽ പുതുതായി സൃഷ്ടിച്ച 60 തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വനിതാ എസ്.ഐ യ്ക്ക് മാത്രമായി പ്രത്യേകം റാങ്ക് പട്ടിക പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടില്ല. |
| സി) കേരള പോലീസിൽ കേഡർ രൂപീകൃതമായതിനുശേഷം പോലീസ് കേഡറിലേക്ക് ആദ്യമായി നിലവിൽ വന്ന എസ്.ഐ. റാങ്ക് പട്ടികയിലേക്ക് വേക്കൻസികൾ റിപ്പോർട്ട് ചെയ്ത് തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ? | (സി) ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഏത് റാങ്ക് ലിസ്റ്റിൽ നിന്ന് നിയമന നിർദ്ദേശം നൽകണം എന്ന് തീരുമാനിക്കുന്നത് പി.എസ്.സി.യാണ്. |

സെക്ഷൻ ഓഫീസർ